## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>നഗരങ്ങളിൽ പൂർണ്ണമായും ശാക്തീകരിച്ച കമ്മീഷണറേറ്റ് സംവിധാനം</u>

5101 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ പൂർണ്ണമായും ശാക്തീകരിച്ച കമ്മീഷണറേറ്റ് സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി പ്രത്യേക സേന

5102 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' ജോസഫ് വാഴക്കൻ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി പ്രത്യേക പോലീസ് സേനയ്ക്ക് രൂപം നൽകുന്നതിന് പദ്ധതി രൂപീകരിച്ചുട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സി.ഐ.എസ്.എഫ് മാതൃകയിൽ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിന്റെ പ്രവർത്തനത്തിന് പദ്ധതി</u>

5103 ശ്രീ.പാലോട് രവി
''വർക്കല കഹാർ
''പി.എ.മാധവൻ
''വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ഐ.എസ്.എഫ് മാതൃകയിൽ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിന്റെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരായി വർദ്ധിച്ചുവരുന്ന ആക്രമണങ്ങൾ</u>

5104 ശ്രീ.ബാബു എം. പാലിശ്ശേരി
ശ്രീമതി കെ.കെ. ലതിക
,, പി.അയിഷാ പോറ്റി
,, കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളുടെ നിരക്ക് വർദ്ധിച്ചുവരുന്നുവെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആശങ്കാജനകമായ ഈ സ്ഥിതിവിശേഷത്തെ മുൻനിർത്തി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(ബി) കുടുംബത്തിനകത്തുള്ള അതിക്രമങ്ങൾ, ലൈംഗികാതിക്രമങ്ങൾ, ബലാൽസംഗം തുടങ്ങിയ സംഭവങ്ങളെക്കുറിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; ലഭ്യമായ കണക്കുകൾ വിശദമാക്കാമോ;

(സി) സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച് ഉയർന്നിട്ടുള്ള ആശങ്കകൾക്ക് പരിഹാരം കണ്ടെത്താൻ സാദ്ധ്യമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(ഡി) ട്രെയിനിലും മറ്റ് വാഹനങ്ങളിലും യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>വനിതാ പോലീസ് സേനയെ ശാക്തീകരിക്കാൻ കർമ്മപദ്ധതി</u>

5105 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിതാ പോലീസ് സേനയെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി വനിതാ ഓഫീസർമാർക്ക് പോലീസ് സ്റ്റേഷന്റെ ചുമതല നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം ചുമതലകളും അധികാരങ്ങളുമാണ് ഇതുവഴി വനിതാ ഓഫീസർമാർക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്നുമുതലാണ് പ്രസ്തുത സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>സ്ത്രീ സുരക്ഷയും വനിതാ പോലീസ് ശാക്തീകരണവും</u>

5106 ശ്രീ. പി. എ. മാധവൻ
,, അൻവർ സാദത്ത്
,, സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സുരക്ഷയും വനിതാ പോലീസ് ശാക്തീകരണവും സംബന്ധിച്ച് കേരളാ പോലീസ് ദേശീയ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം വിഷയങ്ങളാണ് സെമിനാറിൽ ചർച്ചയ്ക്ക് വന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം തുടർനടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

പോലീസ് കംപ്ലയിന്റ് അതോറിറ്റി

5107

ശ്രീ. എം. പി. വിൻസെന്റ്
,, എം. എ. വാഹീദ്
,, വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റി പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഈ സംവിധാനം കാര്യക്ഷമമാക്കാനും വ്യാപിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് ലഭിച്ച പരാതികൾ</u>

5108 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാളിതുവരെ ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ ലഭിച്ച പരാതികൾ എത്രയാണ്; ജില്ലതിരിച്ച് വെളിപ്പെടുത്താമോ;

(ബി) ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് കോടതികളിൽ ലഭിച്ച സംരക്ഷണഹർജികൾ ഇതേകാലയളവിൽ എത്രയായിരുന്നു;

(സി) കോടതിയിലും പോലീസ് സ്റ്റേഷനുകളിൽ നേരിട്ടും ലഭിച്ച എത്ര ഹർജികളുമായി ബന്ധപ്പെട്ട എത്ര കേസുകൾ ഇനിയും തീർപ്പാക്കാൻ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരെ തടഞ്ഞുവച്ചവർക്കെതിരായ കേസുകൾ</u>

5109 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 നവംബർ 15 ന് കണ്ണൂർ ജില്ലയിലെ കൊട്ടിയൂരിൽ കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിയെക്കുറിച്ച് പഠിക്കാനെത്തിയ കേന്ദ്രഗവൺമെന്റ് ഉദ്യോഗസ്ഥരെ നാട്ടുകാർ തടഞ്ഞുവച്ചതിനെ തുടർന്നുണ്ടായ സംഘർഷം അവസാനിപ്പിക്കുന്നതിനും ഉദ്യോഗസ്ഥരെ വിട്ടയക്കുന്നതിനും സമരസമിതിയ്ക്ക് പോലീസും ജില്ലാ ഭരണകൂടവും രേഖാമൂലം നൽകിയ ഉറപ്പുകൾ എന്തെല്ലാമായിരുന്നു;

(ബി) ഈ ഉറപ്പുകൾ പോലീസും ജില്ലാഭരണകൂടവും പാലിച്ചിട്ടുണ്ടോ;

(സി) ഈ സംഘർഷത്തിൽ പങ്കുണ്ടെന്നാരോപിച്ച് എത്ര പേർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്; ഇവരിൽ എത്ര പേരെ ഇതുവരെ അറസ്റ്റ് ചെയ്തു; എത്ര പേർക്ക് ജാമ്യം ലഭിച്ചു;

(ഡി) സമരസമിതിയ്ക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കേസ്സുകൾ പിൻവലിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

കൊലപാതകക്കേസുകളുടെ അന്വേഷണത്തിന് പ്രത്യേക അന്വേഷണസംഘം

5110 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014 ജനുവരി 25 വരെ സംസ്ഥാനത്ത് മൊത്തം എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട് ; ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര കൊലപാതകക്കേസ്സുകളുടെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട് ;

(സി) എത്ര കൊലപാതകങ്ങളുടെ അന്വേഷണം പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തി നടത്തുകയുണ്ടായി ; പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയതിന്റെ മാനദണ്ഡം എന്തായിരുന്നു ; അവ ഏതൊക്കെയായിരുന്നു ;

(ഡി) രാഷ്ട്രീയ കൊലപാതകങ്ങൾ എല്ലാം പ്രത്യേക അന്വേഷണ സംഘത്തെക്കൊണ്ടാണോ അന്വേഷിപ്പിച്ചത് ;

(ഇ) മൊത്തം കൊലപാതകങ്ങളിൽ രാഷ്ട്രീയ കൊലപാതകങ്ങൾ ഏതൊക്കെയായിരുന്നു ; കൊലചെയ്യപ്പെട്ടവർ ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുള്ളവരായിരുന്നു ; ഇതിലെ പ്രതികൾ ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരായിരുന്നു ;

(എഫ്) മൊത്തം എത്ര കൊലപാതകക്കേസ്സുകൾ സി.ബി.ഐ.-യ്ക്ക് വിടുകയുണ്ടായി ; ഇതിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കപ്പെട്ട കേസുകൾ ഏവ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കൊലപാതക കേസുകൾ</u>

5111 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാനത്താകെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഗുണ്ടാ ആക്രമണം, മാഫിയ ആക്രമണം, മതസ്പർദ്ധ, ധനാപഹരണം എന്നിവയുമായി ബന്ധപ്പെട്ട് എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) രാഷ്ട്രീയ വൈരാഗ്യത്തെത്തുടർന്ന് എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കൊല്ലപ്പെട്ടവരിൽ പുരുഷൻമാർ, സ്ത്രീകൾ, കുട്ടികൾ എന്നിവ പ്രത്യേകം ലഭ്യമാക്കുമോ;

(ഇ) ക്രൈംബ്രാഞ്ച് അന്വേഷണം നേരിടുന്ന കേസുകളിൽ കൊലപാതക കേസുകൾ ഏതെല്ലാം ; ജില്ലതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ചാലക്കുടി പോലീസ് സ്റ്റേഷനിലെ 800/ODTN/L1/13 നമ്പർ കേസിന്റെ അന്വേഷണം

5112 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പോലീസ് സ്റ്റേഷനിലെ 2013-ലെ 800/ODTN/L1/13 നമ്പർ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പരാതി നൽകിയിട്ട് നാളിതുവരെയായിട്ടും കേസ് രജിസ്റ്റർ ചെയ്യാത്തതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത കേസ് രജിസ്റ്റർ ചെയ്യാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>നാദാപുരത്ത് ബോംബ് നിര്‍മ്മാണത്തിനിടയില്‍ യുവാക്കള്‍ കൊല്ലപ്പെട്ട സംഭവത്തിലെ അന്വേഷണം</u>

5113 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാദാപുരം പോലീസ് സ്റ്റേഷന്‍ പരിധിയില്‍ ബോംബ് നിര്‍മ്മാണത്തിനിടയില്‍ അഞ്ച് യുവാക്കള്‍ കൊല്ലപ്പെട്ട സംഭവത്തില്‍ ഇതുവരെ നടന്ന അന്വേഷണങ്ങള്‍ വിശദമാക്കാമോ;

(ബി) പ്രസ്തുത കേസില്‍ എത്ര പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്; എത്ര പേരാണ് ഒളിവിലുള്ളത്;

(സി) കൊല്ലപ്പെട്ട യുവാക്കളും കേസില്‍ ഉള്‍പ്പെട്ടവരും ഏതെങ്കിലും രാഷ്ട്രീയ പാര്‍ട്ടിയുടെ പ്രവര്‍ത്തകരായിരുന്നുവോ;

(ഡി) ബോംബ് നിര്‍മ്മിച്ചിരുന്നതിന്റെ ഉദ്ദേശ്യം അന്വേഷണത്തില്‍ വ്യക്തമായിട്ടുണ്ടോ;

(ഇ) ബോംബ് നിര്‍മ്മാണത്തിന് പിന്നിലുണ്ടായിരുന്ന ഗൂഢാലോചന സംബന്ധിച്ച് അന്വേഷണത്തില്‍ കണ്ടെത്തിയ വിവരങ്ങള്‍ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കേസുകൾ സി.ബി.ഐ യുടെ അന്വേഷണത്തിന് വിടുന്ന സാഹചര്യങ്ങൾ</u>

5114 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ ഒരു കേസ്സ് സി.ബി.ഐ അന്വേഷണത്തിനായി ശുപാർശ ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ ഇതിനായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ ഏതെല്ലാം കേസ്സുകളിൽ സി.ബി.ഐ. അന്വേഷണം ശുപാർശ ചെയ്തിരുന്നു; ഏതെല്ലാം കേസ്സുകളിൽ വിജ്ഞാപനം ഇറക്കി; വ്യക്തമാക്കാമോ;

(ഡി) ഈ കാലയളവിൽ ഹൈക്കോടതി തീരുമാനപ്രകാരം ഏതെല്ലാം കേസ്സുകളിൽ അന്വേഷണത്തിന് തീരുമാനമെടുത്തു; ഇവയിൽ ഏതിലെല്ലാം വിജ്ഞാപനം പുറപ്പെടുവിച്ചു; വ്യക്തമാക്കാമോ;

(ഇ) നിലവിൽ ഏതെങ്കിലും കേസ്സിൽ സി.ബി.ഐ. അന്വേഷണത്തിന് സർക്കാർ തീരുമാനമെടുക്കുകയോ ഏതിലെങ്കിലും സി.ബി.ഐ. അന്വേഷണം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കൊലപാതക കേസുകളിൽ സി. ബി. ഐ അന്വേഷണം</u>

5115 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ ഏതെല്ലാം കൊലപാതക കേസുകളുടെ അന്വേഷണം സി. ബി. ഐ യ്ക്ക് വിടണം എന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ട്; ഇവയിൽ ഇപ്പോഴും സർക്കാർ തീരുമാനം എടുത്തിട്ടില്ലാത്തവ ഏതൊക്കെയാണ്;

(ബി) ഏതെല്ലാം കൊലപാതകങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകളുടെ കാര്യത്തിൽ സി. ബി.ഐ അന്വേഷണം ആവശ്യമില്ലെന്ന നിലപാട് സർക്കാർ ഇതിനകം എടുക്കുകയുണ്ടായിട്ടുണ്ട്;

(സി) ഇത്തരം അപേക്ഷകളിൽ തീരുമാനം എടുക്കുന്നത് ഏത് പൊതുമാനദണ്ഡത്തിന്റെയടിസ്ഥാനത്തിലാണ്; ഇതു സംബന്ധമായ നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ഡി) പോലീസ് അന്വേഷണം നടത്തി കുറ്റപത്രം കോടതികളിൽ സമർപ്പിക്കപ്പെട്ട കേസുകളിൽ സി. ബി. ഐ. അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ക്രമസമാധാന തകർച്ചയുമായി ബന്ധപ്പെട്ട കേസുകൾ</u>

5116 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കുറ്റകൃത്യങ്ങളുടെ നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട കൊലപാതക കേസ്സുകൾ എത്ര വീതം ; വധശ്രമത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ എത്ര;

(സി) ഈ കാലയളവിൽ ലൈംഗികമായ ഉപദ്രവങ്ങളുടെ പേരിൽ ചാർജ് ചെയ്യപ്പെട്ടവ എത്ര;

(ഡി) ഈ കാലയളിവൽ രജിസ്റ്റർ ചെയ്യപ്പെട്ട മാല പൊട്ടിക്കൽ, തട്ടിക്കൊണ്ടുപോകൽ കേസ്സുകൾ എത്ര;

(ഇ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്രപേരെ കാണാതായി; ഇതിൽ എത്ര പേരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്;

(എഫ്) സംസ്ഥാനത്ത് ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

കൊലപാതക കേസുകൾ

5117 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; അവയിൽ പോലീസ് അന്വേഷണം പൂർത്തിയാക്കിയവ എത്ര; കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്ര; വിധി പറഞ്ഞിട്ടുള്ളവ എത്ര; പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തിയവ എത്ര;

(ബി) മൊത്തം കേസുകളിൽ എത്ര എണ്ണത്തിന്റെ അന്വേഷണം സി. ബി. ഐ. യ്ക്ക് കൈമാറാനായി തീരുമാനിച്ചിട്ടുണ്ട്; ഇത് സംബന്ധമായ മാനദണ്ഡവും നിയമവ്യവസ്ഥകളും വിശദമാക്കാമോ;

(സി) ഈ സർക്കാർ കൈമാറിയ എത്ര കേസുകളിൽ അന്വേഷണം നടത്താൻ സി. ബി. ഐ. തയാറായിട്ടില്ല;

(ഡി) സി. ബി. ഐ.യ്ക്ക് വിടാനുള്ള സർക്കാർ തീരുമാനത്തിൽ കോടതിയിൽ നിന്നും വിമർശനം ഏറ്റുവാങ്ങേണ്ടി വന്നിട്ടുള്ള കാര്യം അറിയാമോ; രാഷ്ട്രീയപ്രേരിതമായി തീരുമാനം എടുക്കുന്നതിലെ അനൗചിത്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ</u>

5118 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി/പട്ടികവർഗ്ഗക്കാരോടുള്ള അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര കേസുകളിൽ ശിക്ഷ ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം നൽകുമോ;

(ബി) പ്രസ്തുത കേസുകളിൽ ശിക്ഷാ നിരക്ക് കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>ഹര്‍ത്താലുകള്‍മൂലമുണ്ടാകുന്ന നഷ്ടങ്ങള്‍</u>

5119 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍സര്‍ക്കാരിന്റെ കാലത്ത് (2006-2011) യു.ഡി.എഫ്. ആഹ്വാനം ചെയ്ത ഹര്‍ത്താലുകള്‍ നടന്നത് ഏതെല്ലാം തീയതികളിലായിരുന്നു ;

(ബി) ഇതേ കാലയളവില്‍ യു.ഡി.എഫ്. നേതൃത്വത്തിലോ, യു.ഡി.എഫ്. ഘടകകക്ഷികളുടെ നേതൃത്വത്തിലോ, സംസ്ഥാന അടിസ്ഥാനത്തിലോ, പ്രാദേശികമായോ നടന്ന ഹര്‍ത്താലുകള്‍ ഏതെല്ലാം തീയതികളില്‍ എവിടെയെല്ലാമായിരുന്നു ;

(സി) ഓരോ ഹര്‍ത്താലിനും സംസ്ഥാനത്തിനുണ്ടായ നഷ്ടം സംബന്ധിച്ച് അന്നത്തെ പ്രതിപക്ഷനേതാവ് കണക്കുകള്‍വല്ലതും ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ ; എങ്കില്‍ കണക്കുകള്‍ വെളിപ്പെടുത്താമോ ;

(ഡി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് പൂര്‍ണമായോ, ഭാഗികമായോ യു.ഡി.എഫ്. ആഹ്വാനം ചെയ്തതനുസിച്ച് ഏതെല്ലാം തീയതികളില്‍ എവിടെയെല്ലാം ഹര്‍ത്താലുകള്‍ നടക്കുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത ഹര്‍ത്താല്‍ ദിനങ്ങളില്‍ സംസ്ഥാനത്തുണ്ടായ നഷ്ടം സംബന്ധിച്ച കണക്കുകള്‍ ശേഖരിച്ചിട്ടുണ്ടോ ; എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>

5120 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'രാഷ്ട്രീയ കൊലപാതകം' എന്ന് സർക്കാർ കരുതുന്ന കൊലപാതകങ്ങൾ ഏതെല്ലാം നിലയിലുള്ളതാണ്; വിശദമാക്കുമോ;

(ബി) ഏതെല്ലാം രാഷ്ട്രീയ സംഘടനകളുമായി ബന്ധപ്പെട്ടവരായിരുന്നു കൊലചെയ്യപ്പെട്ടിരുന്നത്; രാഷ്ട്രീയ കൊലപാതകങ്ങളിൽ കൊല ചെയ്യപ്പെട്ടയാളിന്റെ പേര്, സ്ഥലം, കൊല ചെയ്യപ്പെട്ട തീയതി എന്നിവ വിശദമാക്കാമോ;

(സി) രാഷ്ട്രീയ കൊലപാതകങ്ങൾക്ക് പുറമേ, ഈ സർക്കാരിന്റെ കാലത്തുണ്ടായ കൊലപാതക സംഭവങ്ങൾ എത്രയാണ്; ജില്ല തിരിച്ച് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഏറ്റവും ഒടുവിൽ നടന്ന രാഷ്ട്രീയ കൊലപാതകം ഏതാണ്?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരന്‍ വധകേസ്</u>

5121 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകമോ, വധശ്രമമോ, ഗൂഢാലോചനയോ മറ്റോ ആയി രജിസ്റ്റര്‍ ചെയ്യപ്പെട്ട കേസുകള്‍ എത്രയാണ്; അവ ഏതൊക്കെ; ഏതെല്ലാം പോലീസ് സ്റ്റേഷനുകളില്‍, ഏതെല്ലാം തീയതികളില്‍, ഏതെല്ലാം വകുപ്പുകള്‍ പ്രകാരം രജിസ്റ്റര്‍ ചെയ്യപ്പെട്ടവയാണെന്ന് വിശദമാക്കാമോ;

(ബി) ഇവയില്‍ ഏതെല്ലാം കേസുകളില്‍ അന്വേഷണം പൂര്‍ത്തിയാക്കി കോടതിയില്‍ കുറ്റപത്രം സമര്‍പ്പിച്ചിട്ടുണ്ട്; അവശേഷിക്കുന്നവ ഏതൊക്കെ; അവയുടെ അന്വേഷണം ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്; അന്വേഷിക്കുന്നത് ആരുടെ നേതൃത്വത്തില്‍ ആരൊക്കെയാണ്;

(സി) വധശ്രമത്തിനും, ഗൂഢാലോചനയ്ക്കും എന്ന നിലയില്‍ കേസ് എടുത്തത് ഏതെല്ലാം തീയതികളിലായിരുന്നു; വധശ്രമം നടന്നതായി പറയപ്പെടുന്നത് ഏത് തീയതികളിലാണ്; ഗൂഢാലോചന നടന്നതായി പറയപ്പെടുന്നത് ഏത് തീയതിയിലാണ്;

(ഡി) അവശേഷിക്കുന്ന കേസുകള്‍ ഓരോന്നിലെയും പ്രതികള്‍ ആരൊക്കെയാണ്; കേന്ദ്ര മന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനും ആര്‍.എം.പി നേതാക്കളും ചൂണ്ടിക്കാണിച്ചതല്ലാത്തവര്‍ ആരെങ്കിലും പ്രതികളായിട്ടുണ്ടോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>സി. ബി. ഐ. യുടെ അന്വേഷണത്തിന് വിട്ട കേസുകൾ</u>

5122 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കേസുകൾ സി. ബി. ഐ. ക്ക് വിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര കേസുകൾ കോടതി നിർദ്ദേശിച്ച പ്രകാരം വിട്ടവയാണ്; കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എത്ര കേസുകളിൽ സി. ബി. ഐ. അന്വേഷണം ആവശ്യപ്പെട്ട് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്; ഈ നിവേദനങ്ങളിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മുഖ്യമന്ത്രിയുടെ ഗൺമാൻ ആയിരുന്ന സലിംരാജ് ഉൾപ്പെട്ട ഭൂമി തട്ടിപ്പു കേസ് സി. ബി. ഐ. ക്ക് വിടുന്നതിന് എന്താണ് തടസ്സം എന്ന കോടതി പരാമർശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കേസ് സി. ബി. ഐ. ക്ക് വിടാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>സോളാർ കേസിലെ മുഖ്യപ്രതികളെ ചോദ്യം ചെയ്യൽ</u>

5123 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ അന്വേഷണവുമായി ബന്ധപ്പെട്ട് മുഖ്യപ്രതികളെ എ. ഡി. ജി. പി ഹേമചന്ദ്രന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തിട്ടുണ്ടോ;

(ബി) ഓരോ പ്രതികളേയും ഏതെല്ലാം ദിവസങ്ങളിലാണ് ചോദ്യം ചെയ്തതെന്ന് വ്യക്തമാക്കാമോ;

(സി) ഈ ചോദ്യം ചെയ്യലുകൾ ഏതെല്ലാം രീതിയിൽ റിക്കോഡ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം ദിവസങ്ങളിൽ ചോദ്യം ചെയ്യലിന്റെ വീഡിയോ റിക്കോർഡിങ്ങ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) റിക്കോഡ് ചെയ്യപ്പെട്ട മൊഴികൾ ആരുടെയെല്ലാം കൈവശമുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ കേസ്സുമായി ബന്ധപ്പെട്ട് 2013 ജൂൺ 23നും ജൂൺ 26നും പ്രത്യേക അന്വേഷണസംഘം ചോദ്യം ചെയ്യൽ നടത്തിയിട്ടുണ്ടോ; ഇതിന്റെ വീഡിയോ റിക്കോഡിങ്ങ് നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>പ്രതിയുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച</u>

5124 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ. ബിജു രാധാകൃഷ്ണനുമായി മുഖ്യമന്ത്രി 2013-ൽ എറണാകുളം ഗസ്റ്റ്ഹൗസിൽ അടച്ചിട്ട മുറിയിൽ കുടുംബ കാര്യം ചർച്ച ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് തീയതിയാണ് ചർച്ച നടത്തിയതെന്നും എത്ര മണിക്കൂർ ചർച്ച നടത്തിയെന്നും എന്ത് കുടുംബ കാര്യമാണ് ചർച്ച നടത്തിയതെന്നുമാണ് സർക്കാരിന് ലഭിച്ചിട്ടുള്ള വിവരം;

(സി) ക്രിമിനൽ പ്രതി ബിജു രാധാകൃഷ്ണനുമായി മുഖ്യമന്ത്രി ചർച്ച നടത്തിയതു വഴി സംസ്ഥാനത്തെ ക്രമസമാധാനത്തിൽ ജനങ്ങൾക്ക് ആശങ്കയുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുക യെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസ്സിൽ ശ്രീധരൻ നായരുടെ മൊഴി</u>

5125 ശ്രീ. കെ.സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസ്സിൽ പരാതിക്കാരനായിരുന്ന കോന്നി, മല്ലേലി ശ്രീധരൻ നായരിൽ നിന്നും 04.08.2013 ന് ചെങ്ങന്നൂർ ഡി.വൈ.എസ്.പി. ഓഫീസിൽ വച്ച് പ്രത്യേക അന്വേഷണസംഘം മൊഴിയെടുത്തിരുന്നോ ;

(ബി) ഈ മൊഴിയിൽ മുഖ്യമന്ത്രിക്കുമായോ അദ്ദേഹത്തിന്റെ ഓഫീസുമായോ ബന്ധപ്പെട്ട ആരുടെയെല്ലാം പേരുകളാണ് പരാമർശിക്കപ്പെട്ടതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിൽ ആരെയെല്ലാം അന്വേഷണ സംഘം ചോദ്യം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സോളാർ കേസിലെ പ്രതികളുടെ മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ച</u>

5126 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ കേസിലെ പ്രതികളായ ശ്രീ. ടെന്നി ജോപ്പനും ശ്രീമതി സരിത എസ്. നായരും മുഖ്യമന്ത്രിയുടെ ആഫീസിൽ വെച്ച് കൂടിക്കാഴ്ച നടത്തിയത് ഏത് തീയതിയിലായിരുന്നു; വിശദമാക്കാമോ;

(ബി) ശ്രീ. ടെന്നി ജോപ്പന്റെ റിമാന്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മുഖ്യമന്ത്രിയും ശ്രീ. ശ്രീധരൻ നായരും, ശ്രീമതി സരിതയും മുഖ്യമന്ത്രിയുടെ ആഫീസിർ കൂടിക്കാഴ്ച നടത്തിയത് എന്നായിരുന്നു; തീയതിയും സമയവും വ്യക്തമാക്കാമോ; ശ്രീ. ടെന്നി ജോപ്പന്റെയും, ശ്രീമതി സരിതയുടെയും, ശ്രീ. ശ്രീധരൻ നായരുടെയും മൊഴികളുടെയടിസ്ഥാനത്തിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഇത് സംബന്ധമായ മുഖ്യമന്ത്രിയുടെ മൊഴി എടുത്തത് ഏത് ദിവസമായിരുന്നു; മൊഴി എന്തായിരുന്നു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സോളാർ കേസിലെ പ്രതിയെ രക്ഷിക്കാൻ തലശ്ശേരി പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥന്റെ ശ്രമം</u>

5127 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മെയ് 23 ന് രാവിലെ തലശ്ശേരി പോലീസ് സ്റ്റേഷനിലെ സന്തോഷ് എന്ന ഉദ്യോഗസ്ഥൻ സോളാർ തട്ടിപ്പ് കേസിലെ പ്രതി സരിത എസ്. നായരെ ഫോണിൽ വിളിക്കുകയുണ്ടായോ;

(ബി) തലശ്ശേരി എസ്. ഐ. ശ്രീ. ബിജു ജോണിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം സരിതയെ അറസ്റ്റ് ചെയ്യാൻ പെരുമ്പാവൂരിലേക്ക് പുറപ്പെട്ട ഉടൻ സന്തോഷ് സരിത എസ്. നായരെ വിളിച്ച് വിവരം ചോർത്തിക്കൊടുക്കുകയായിരുന്നുവോ;

(സി) 2013 മെയ് 23 ന് ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഫോണുകളിൽ നിന്നും പോയ കോളുകളുടെയും കണ്ണൂർ ഡി.വൈ.എസ്.പി., പി. പി. സുകുമാരന്റെയും തലശ്ശേരി സ്റ്റേഷനിലെ സന്തോഷിന്റെയും ഫോണുകളിൽ നിന്നുപോയ കോളുകളുടെയും അടിസ്ഥാനത്തിൽ, സരിതയുടെ അറസ്റ്റ് വൈകിപ്പിക്കാൻ നടന്നതായ ഇടപെടലുകളുടെ നിജസ്ഥിതി എന്തായിരുന്നുവെന്ന് അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കാറ്റാടി യന്ത്രം സ്ഥാപിക്കാമെന്ന് വാഗ്ദാനം നൽകി പണം തട്ടിയെടുത്തതിനെതിരെയുള്ള പരാതി</u>

5128 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റാടി യന്ത്രം സ്ഥാപിക്കാമെന്ന് വാഗ്ദാനം നൽകി സരിത എസ്. നായരും സംഘവും പണം തട്ടിയെടുത്തതായി കാണിച്ച് വടകര, റാണി പബ്ലിക് സ്കൂൾ മാനേജ്മെന്റ് സോളാർ അന്വേഷണ ഉദ്യോഗസ്ഥർ മുമ്പാകെ പരാതി സമർപ്പിച്ചിരുന്നോ;

(ബി) എന്നാണ് പരാതി നൽകിയത്; പരാതിയിൽ കേസെടുത്തിട്ടുണ്ടോ; ഇതിന്മേലുള്ള തുടർ നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

സോളാർ തട്ടിപ്പ് കേസിലെ പ്രതി ബിജു രാധാകൃഷ്ണനുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച

5129

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സോളാർ തട്ടിപ്പുകേസിലെ പ്രതി ബിജു രാധാകൃഷ്ണനുമായി മുഖ്യമന്ത്രി എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ കൂടിക്കാഴ്ച നടത്തിയ തീയതിയും കൂടിക്കാഴ്ച എന്താവശ്യത്തെ മുൻനിർത്തിയായിരുന്നുവെന്നും വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>പോലീസ് - ഗുണ്ടാ ബന്ധം</u>

5130 ശ്രീ. എ. കെ. ബാലൻ
,, പി. ശ്രീരാമകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലേതുൾപ്പെടെ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ഏറെയും ഗുണ്ടാ പ്രവർത്തനങ്ങൾ നടത്തുന്നവരുടെ വിഹാര കേന്ദ്രങ്ങളായിരിക്കുന്നൂവെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പോലീസും ഗുണ്ടകളും തമ്മിലുള്ള അവിഹിത ബന്ധങ്ങളും അതുവഴി സാധാരണ ജനങ്ങൾക്ക് നീതി ലഭിക്കാതിരിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) കമന്റടി സഹിക്കവയ്യാതെ ഒരു പെൺകുട്ടിയുടെ അച്ഛൻ വലിയതുറ പോലീസിന് നൽകിയ പരാതിയിന്മേൽ നടപടി സ്വീകരിക്കുകയുണ്ടായോ ; പോലീസിൽ പരാതിപ്പെട്ടതിനെത്തുടർന്ന് ഗുണ്ടാ സംഘം പെൺകുട്ടിയേയും അച്ഛനേയും മർദ്ദിച്ച് അവശരാക്കിയതായി അറിയാമോ ; പരാതിക്കാരനെ പോലീസ് ലോക്കപ്പിലാക്കുന്ന സ്ഥിതിയുണ്ടായോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>പണം തട്ടിപ്പുകേസുകൾ</u>

5131 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം തൃശ്ശൂർ ജില്ലയിലെ സൗത്ത് ഇന്ത്യൻ ബാങ്ക് അടക്കമുള്ള ബാങ്കുകളിലും വിദ്യാലയങ്ങളിലും ജോലി വാഗ്ദാനം ചെയ്ത് കോടിക്കണക്കിന് രൂപ തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആദ്യമായി ലഭിച്ച പരാതിയുടെ തീയതിയടക്കമുള്ള വിശദാംശങ്ങളും പരാതിയിൽ സ്വീകരിച്ച തുടർനടപടികളും വ്യക്തമാക്കാമോ;

(ബി) നിലവിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ കേസിലെ പ്രതികളുടെ പേരുവിവരം ലഭ്യമാക്കാമോ;

(ഡി) ഈ കേസിൽ അറസ്റ്റ്ചെയ്യപ്പെട്ടവർ ആരെല്ലാം; അറസ്റ്റ് ചെയ്യപ്പെടാത്തവർ ആരെല്ലാം; വ്യക്തമാക്കാമോ;

(ഇ) ഈ കേസുകളുടെ നിലവിലെ അന്വേഷണപുരോഗതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകൾ</u>

5132 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ 2013 ഡിസംബർ 31 വരെ ആലപ്പുഴ ജില്ലയിൽ എത്ര ക്രിമിനൽ കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) എത്ര കേസുകൾ തീർപ്പാക്കി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ 27/10/13 ലെ കണ്ണൂർ സന്ദർശനം</u>

5133 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് കായികമേളയുമായി ബന്ധപ്പെട്ട ചടങ്ങിൽ പങ്കെടുക്കുന്നതിന് 27.10.2013 ൽ കണ്ണൂരിൽ എത്തിയ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വാഹനത്തിൽ മുഖ്യമന്ത്രിയോടൊപ്പം യാത്ര ചെയ്തവർ ആരൊക്കെയായിരുന്നു; അവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന മുഖ്യമന്ത്രിയുടെ ഗൺമാൻ ആരായിരുന്നു; മുഖ്യമന്ത്രിയ്ക്ക് നേരെ കല്ലേറുണ്ടായപ്പോൾ തത്സമയം ഗൺമാൻ കൂടെ വാഹനത്തിൽ ഉണ്ടായിരുന്നുവോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിക്കെതിരെ കണ്ണൂരിൽ നടന്ന ആക്രമണം</u>

5134 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽവെച്ച് മുഖ്യമന്ത്രി സഞ്ചരിച്ച കാറിനുനേരെയുണ്ടായ കല്ലേറുമായി ബന്ധപ്പെട്ട് ഗൂഢാലോചനയ്ക്കും വധശ്രമത്തിനും കേസെടുത്തിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രിക്ക് നേരെ ആക്രമണം ഉണ്ടാകുമെന്നും ഇതിനായി ഗൂഢാലോചന ഉണ്ടാകുമെന്നും സ്പെഷ്യൽ ബ്രാഞ്ചിന്റെയോ ഇന്റലിജൻസിന്റെയോ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തദവസരത്തിലെ സ്പെഷ്യൽ ബ്രാഞ്ചിന്റെയും ഇന്റലിജൻസിന്റെയും മേധാവികൾ ഇപ്പോഴും തൽസ്ഥാനത്ത് തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കണ്ണൂരിൽ എൽ. എഡി. എഫ് പ്രവർത്തകർക്കെതിരെ കല്ലെറിഞ്ഞതിനെതിരെ കേസ്</u>

5135 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ മുഖ്യമന്ത്രിയ്ക്കു നേരെ കല്ലെറിഞ്ഞ സ്ഥലത്ത് കോൺഗ്രസ് പ്രവർത്തകനായ ശ്രീ. കുഞ്ഞു മുഹമ്മദ് കല്ലുമായി നിൽക്കുന്ന ദൃശ്യങ്ങൾ മാധ്യമങ്ങൾ പുറത്തുവിട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) താൻ കല്ലെറിഞ്ഞത് എൽ ഡി എഫ് പ്രവർത്തകർക്കെതിരെയാണെന്ന് ഡി സി സി ഓഫീസിൽ വച്ച് ശ്രീ. കുഞ്ഞുമുഹമ്മദ് നേരിട്ട് മാധ്യമങ്ങളോട് വെളിപ്പെടുത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ശ്രീ. കുഞ്ഞുമുഹമ്മദിനെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

കണ്ണൂർകാരൻ ശ്രീ. കെ. നാരായണനെ തട്ടികൊണ്ടുപോയി മർദ്ദിച്ചെന്ന പരാതി

5136 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടന്റ് ശ്രീ. കെ. നാരായണനെ ക്വട്ടേഷൻ സംഘം തട്ടി കൊണ്ടുപോയി ക്രൂരമായി മർദ്ദിച്ചതുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഈ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കെ. നാരായണനെ തട്ടിക്കൊണ്ടുപോയി മർദ്ദിച്ച കേസിലെ പ്രതികൾ</u>

5137 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സിവിൽ എഞ്ചിനിയറിംഗ് കൺസൽട്ടന്റ് ശ്രീ.കെ. നാരായണനെ തട്ടിക്കൊണ്ടു പോയി മർദ്ദിച്ച കേസിലെ പ്രതികൾ മറ്റേതെങ്കിലും കേസിൽ പ്രതികളാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇയാളെ തട്ടിക്കൊണ്ടുപോയി എവിടെയാണ് പാർപ്പിച്ചത് എന്ന് വിശദമാക്കാമോ;

(സി) ഇദ്ദേഹത്തിന്റെ പരാതിയുടെ കോപ്പി ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ഏര്യം കണ്ണക്കൈയിലെ ശ്രീ. അമീര്‍ മൊയ്തീന്‍ കുഞ്ഞിനെതിരെയുള്ള അക്രമം</u>

5138 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ ഏര്യം കണ്ണക്കൈയില്‍ വച്ച് ശ്രീ. ശിഹാബ് അമീര്‍ മൊയ്തീന്‍ കുഞ്ഞ് എന്നയാളെ നാല്പതോളം പേര്‍ വരുന്ന അക്രമികള്‍ തെങ്ങില്‍ കെട്ടിയിട്ട് ക്രൂരമായി മര്‍ദ്ദിച്ച സംഭവത്തില്‍ കുറ്റക്കാര്‍ക്കെതിരെ കേസ് രജിസ്റ്റര്‍ ചെയ്തിട്ടുണ്ടോ;

(ബി) എങ്കില്‍ ഏതെല്ലാം വകുപ്പുകള്‍ പ്രകാരം ആരുടെയൊക്കെ പേരിലാണ് കേസ് രജിസ്റ്റര്‍ ചെയ്തിട്ടുള്ളത്;

(സി) ഇതു സംബന്ധിച്ച പോലീസ് അന്വേഷണം പൂര്‍ത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കിളിമാനൂർ മംഗളം ദിനപത്രത്തിന്റെ ലേഖകൻ ശ്രീ. എസ്. രാജനെ മർദ്ദിച്ച കേസ്</u>

5139 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ മംഗളം ദിനപത്രത്തിന്റെ ലേഖകൻ ശ്രീ. എസ്. രാജനെ പട്ടാപ്പകൽ റോഡിലിട്ട് മർദ്ദിക്കുകയും കാൽ തല്ലിയൊടിക്കുകയും ചെയ്ത കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത കേസിൽ പ്രതി ചേർക്കപ്പെട്ടവരുടെ പേര് വിവരം, ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയില്‍ മാധ്യമപ്രവര്‍ത്തകര്‍ ആക്രമിക്കപ്പെട്ട കേസ്സുകള്‍</u>

5140

ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ മലയാള മനോരമ ബ്യൂറോ ലേഖകന്‍ ശ്രീ. പി. ചന്ദ്രമോഹനന്റെ വീടും ദേശാഭിമാനി ലേഖകന്‍ ശ്രീ. മുഹമ്മദ് ആഷിമിനേയും ആക്രമിച്ച സംഭവങ്ങള്‍ ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) മേല്‍സംഭവങ്ങളില്‍ എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്നും ഓരോ കേസ്സിലേയും പ്രതികള്‍ ആരൊക്കെയാണെന്നും എത്ര പ്രതികളെ പിടികൂടാന്‍ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) മാധ്യമ പ്രവര്‍ത്തകരും അവരുടെ വീടുകളും ആക്രമിക്കപ്പെടുന്ന സംഭവങ്ങള്‍ ആവര്‍ത്തിക്കാതിരിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലാ പോലീസ് ചീഫ്(റൂറൽ)ന് നൽകപ്പെട്ട 2013-ലെ 1505-ാം നമ്പർ കേസിന്റെ അന്വേഷണം</u>

5141 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ പോലീസ് ചീഫ് (റൂറൽ)ന് നൽകപ്പെട്ട 2013-ലെ 1505-ാം നമ്പർ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരാതിയിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

ടൂറിസ്റ്റുകൾ ആക്രമിക്കപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

5142 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളിൽ എത്തുന്ന ടൂറിസ്റ്റുകൾ ആക്രമിക്കപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വന്ന ആഭ്യന്തര-വിദേശ ടൂറിസ്റ്റുകൾ ആക്രമിപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ, കൊള്ള യടിക്കപ്പെടുകയോ ചെയ്ത എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ടൂറിസ്റ്റുകൾക്ക് നേരെയുണ്ടായ ക്രൈം കേസുകൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>വനിതാ പോലീസ് ശാക്തീകരണം എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ</u>

5143 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി 17-ന് സംസ്ഥാനത്ത് നടന്ന വനിതാപോലിസ് ശാക്തീകരണം എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിന് നേതൃത്വം നൽകിയ സംസ്ഥാന പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം ;

(ബി) വിവിധ സംസ്ഥാനങ്ങളിൽനിന്നുമായി എത്രപേർ സെമിനാറിൽ പങ്കെടുത്തു ;

(സി) ഉദ്ഘാടനത്തിനും അതിനോടനുബന്ധിച്ച പ്രവർത്തനങ്ങൾക്കുമായി ആഭ്യന്തര വകുപ്പിന് ചെലവായ തുക എത്ര ;

(ഡി) സംസ്ഥാനത്തിലെ ഉന്നതപോലീസ് ഉദ്യോഗസ്ഥർ വനിതകളോട് കടുത്ത അവഗണന തുടരുന്നതായി സംവാദത്തിൽ വനിതാപോലീസുകാർ തുറന്നടിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ സംസ്ഥാന വനിതാപോലീസുകാരുടെ പരാതി സംബന്ധിച്ച് എന്തൊക്കെ നടപടികൾ കൈക്കൊണ്ടു ; വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തിയതാരാണ് ;

(ജി) മുൻ ഐ.പി.എസ്. ഉദ്യോഗസ്ഥ ശ്രീമതി. കിരൺബേദി സ്വന്തം ചെലവിലാണോ പ്രസ്തുത സെമിനാറിൽ മുഖ്യപ്രഭാഷണം ഉൾപ്പെടെ ക്ലാസ്സെടുക്കാൻ വന്നത് ; അല്ലെങ്കിൽ വിമാനയാത്ര ഉൾപ്പെടെ ഇവർക്കായി ആഭ്യന്തരവകുപ്പ് എന്തു തുക ചിലവഴിച്ചു; വ്യക്തമാക്കാമോ ;

(എച്ച്) സെമിനാറുമായി ബന്ധപ്പെട്ടും മാധ്യമപ്രവർത്തകരുടെ യോഗങ്ങളിലും ശക്തമായ കേന്ദ്രഭരണത്തിന് ബി.ജെ.പി.-ക്ക് വോട്ട് ചെയ്യണമെന്ന് ശക്തിയായി വാദിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടുവോ ; വിശദമാക്കുമോ ;

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

(ഐ) ആഭ്യന്തരവകുപ്പിന്റെയും പ്രത്യേകിച്ച് സംസ്ഥാന സർക്കാരിന്റെയും അറിവോടുകൂടിയാണോ ഇവരെ സംസ്ഥാനത്ത് സർക്കാർ ചെലവിൽ സെമിനാറിന് മുഖ്യ പ്രഭാഷണം നടത്താൻ കൊണ്ടുവന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സ്ത്രീ പീഡനക്കേസ്സുകളിലെ കുറ്റപത്രം</u>

5144 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് സ്ത്രീപീഡനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ കുറ്റപത്രം കോടതിയിൽ നൽകിയവയെത്ര ; അന്വേഷണം പൂർത്തിയാകാത്തവ എത്ര ; പ്രതികളിൽ ഇതിനകം അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ളവരെത്ര ; വ്യക്തമാക്കാമോ ;

(ബി) പ്രതികൾക്ക് ശിക്ഷ ലഭ്യമായ കേസ്സുകളുടെ എണ്ണം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കു നേരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ</u>

5145

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ 2013 ഡിസംബർ വരെ സ്ത്രീകൾക്കു നേരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) കേസ്സുകളുടെ സ്വഭാവം അനുസരിച്ച് ഇനം തിരിച്ചുള്ള പട്ടികയും ജില്ല തിരിച്ചുള്ള പട്ടികയും ലഭ്യമാക്കുമോ;

(സി) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളുടെ കാര്യത്തിൽ 2011, 2012, 2013 വർഷങ്ങളിൽ കേരളത്തിന്റെ സ്ഥാനം എത്രയാണ്?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

ശ്രീമതി ശ്വേതാമേനോൻ അപമാനിക്കപ്പെട്ട സംഭവത്തിൽ ഡി.വൈ.എഫ്.ഐ. നൽകിയ പരാതിയിൻമേലുള്ള കേസന്വേഷണം

5146 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 നവംബർ മാസം രണ്ടാം തീയതി കൊല്ലത്ത് നടന്ന മൂന്നാമത് പ്രസിഡന്റ്സ് ട്രോഫി ജലോൽസവ വേദിയിൽ നടി ശ്രീമതി ശ്വേതാമേനോൻ അപമാനിക്കപ്പെട്ട സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി ആവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ. കൊല്ലം ജില്ലാ കമ്മിറ്റി നൽകിയ പരാതിയിൽ സ്വീകരിച്ച തുടർനടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കേസുമായി ബന്ധപ്പെട്ട് ആരെയെല്ലാമാണ് പ്രതി ചേർത്തിരിക്കുന്നത്; പ്രതികൾക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിരിക്കുന്നത്;

(സി) അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ഈ സംഭവത്തിൽ പരാതിക്കാരി കലക്ടറോട് നേരിട്ട് വിഷമം അറിയിച്ചിട്ടും കലക്ടർ വേണ്ട നടപടികൾ സ്വീകരിച്ചില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കോടതി ജീവനക്കാരിയെ മാനസികമായി പീഡിപ്പിച്ച കേസ്</u>

5147 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലാകോടതിയിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരി മാനസിക പീഡനത്തിന് ഇരയായതുമായി ബന്ധപ്പെട്ട് ജില്ലാ കോടതിയിലെ ഗൺമാനെതിരെ ടിയാൾ പാലക്കാട് നോർത്ത് പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ</u>

5148 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് വെബ്സൈറ്റിലെ വിവരങ്ങൾ പ്രകാരം 2012-13 വർഷങ്ങളിൽ കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പോലീസ് പ്രവർത്തനത്തിലെ പാളിച്ചകൾ കൊണ്ടാണ് പ്രസ്തുത കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നത് എന്നുള്ളതുകൊണ്ട് ഇതു സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെ ലൈംഗികാതിക്രമക്കേസ്സുകൾ</u>

5149 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള എത്ര ലൈംഗികാതിക്രമക്കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര കേസുകളിൽ അന്വേഷണം പൂർത്തിയായെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി</u>

5150 ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ നിയന്ത്രിക്കുന്നതിനുതകുന്ന സാമൂഹിക ഇടപെടലുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ട്രെയിനുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കാൻ നടപടി</u>

T.5151 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ട്രെയിനുകളിൽ കുട്ടികളെയും സ്ത്രീകളെയും പീഡിപ്പിച്ചതും പീഡിപ്പിക്കാൻ ശ്രമിച്ചതുമായി എത്ര കേസ്സുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്;

(ബി) ട്രെയിനുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ട്രെയിനുകളിൽ ടി.ടി.ഇ.മാരുടെ സേവനം മതിയായ തരത്തിൽ ലഭ്യമല്ലാത്തതു കണക്കിലെടുത്ത് കംപാർട്ടുമെന്റുകളിൽ പോലീസ് നിരീക്ഷണം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക തട്ടിപ്പിൻമേലുള്ള അന്വേഷണം</u>

5152 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിളപ്പിൽ പോലീസ് സ്റ്റേഷൻ പരിധിയിൽ ''ഗ്രാമീണ ക്ഷേമസംഘം'' എന്ന പേരിലുള്ള സ്ഥാപനം സാമ്പത്തിക തട്ടിപ്പ് നടത്തിയതായി പരാതി ലഭ്യമായിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) എത്ര പേരാണ് തട്ടിപ്പിന് ഇരയായത്; ആകെ എത്ര രൂപയുടെ തട്ടിപ്പ് നടന്നു; വ്യക്തമാക്കുമോ;

(ഡി) എന്തൊക്കെ പ്രവർത്തനങ്ങളാണ് സംഘം നടത്തിയിരുന്നത്;

(ഇ) നിയമാനുസൃത ലൈസൻസുകളും രജിസ്ട്രേഷനുകളും നേടിയാണോ സംഘം പ്രവർത്തിച്ചിരുന്നത്;

(എഫ്) ആർക്കൊക്കെ എതിരെയാണ് കേസ് എടുത്തിട്ടുള്ളത്;

(ജി) കേസിന്റെ നിലവിലെ അന്വേഷണ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ വനിതാ ഡോക്ടർക്കെതിരെ അപവാദപ്രചരണം</u>

5153 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ആപ്ലിക്കേഷനായ വാട്ട്സ് ആപ്പിലൂടെയും ഫേസ്ബുക്കിലൂടെയും കാസർഗോഡ് ജില്ലയിലെ ഒരു വനിതാ ഡോക്ടർക്കെതിരെ അപവാദപ്രചരണം നടത്തിയ സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് കാഞ്ഞങ്ങാട് കേന്ദ്രീകരിച്ച് നടന്ന വ്യാജ പാസ്പോർട്ട് സംഭവം</u>

5154 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് കേന്ദ്രീകരിച്ച് നടന്ന വ്യാജ പാസ്പോർട്ട് സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച കേസ്സിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിന്റെ അന്വേഷണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

ശ്രീ.അബ്ദുൾ നാസർ മദനിക്കെതിരെ കർണ്ണാടക പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ

5155 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലിൽ കഴിയുന്ന ശ്രീ.അബ്ദുൾ നാസർ മദനിക്കെതിരെ കർണ്ണാടക പോലീസ് ഇതിനകം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം ശേഖരിച്ച് നൽകാമോ;

(ബി) ഈ കേസുകൾ ഓരോന്നും രജിസ്റ്റർ ചെയ്യപ്പെട്ടത് ഏത് തീയതികളിലായിരുന്നു;

(സി) ശ്രീ.അബ്ദുൾ നാസർ മദനിയുടെ കാര്യത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) കർണ്ണാടകത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീ.മദനിയുടെ കാര്യത്തിൽ എന്തെങ്കിലും പുതിയ തീരുമാനത്തിലെത്തുകയുണ്ടായോ; അതിനായി സർക്കാർ നടത്തിയ ശ്രമം എന്തായിരുന്നു?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>നിരോധിത സംഘടനകൾ</u>

5156 ശ്രീ. സി. ദിവാകരൻ
,, കെ. രാജു
,, ഇ. കെ. വിജയൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഏതെങ്കിലും സംഘടനകളുടെ പ്രവർത്തനം നിരോധിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര സംഘടനകൾ ; അവ ഏതെല്ലാം ;

(ബി) സംസ്ഥാനത്ത് ഭീകരവാദ-തീവ്രവാദ പ്രവർത്തനങ്ങൾ യാതൊരു രൂപത്തിലും ഇല്ലെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ ;

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലാ നബിദിനറാലിയിൽ പട്ടാളവേഷം ധരിച്ച കേസ്</u>

5157 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

